"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കണ്ണൂർ ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ ശ്രീമതി.സീത.കെ.എം സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.547/2024/AGRI തീയതി,തിരുവനന്തപുരം, 18-06-2024**

പരാമർശം:- 1. കണ്ണൂർ ജില്ലാ കളക്ടറുടെ 10.02.2022-ലെ DCKNR/8306/2021-L5 നമ്പർ നടപടിക്രമം.

2. ശ്രീമതി.സീത.കെ.എം, W/o.രാമചന്ദ്രൻ (Late) സമർപ്പിച്ച റിവിഷൻ ഹർജി.

3. കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 15.11.2023-ലെ ADFW/PAO/KNR/759/23-TB(3) നമ്പർ റിപ്പോർട്ട്.

4. കണ്ണൂർ ജില്ലാ കളക്ടറുടെ 12.03.2024-ലെ DCKNR/8306/2021/L5 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ പള്ളിക്കുന്ന് അംശം ദേശത്ത് റീ.സ.45/4ൽപെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ 9.56 ആർ സ്ഥലം അനധികൃതമായി പരിവർത്തനപ്പെടുത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീമതി.സീത.കെ.എം പരാമർശം (2) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിവിഷൻ ഹർജി തീർപ്പാക്കുന്നതിനായി 12.03.2024-ന് ഓൺലൈൻ മുഖാന്തിരം ഹിയറിംഗ് നടത്തി. ഹർജിക്കാരിക്കുവേണ്ടി അഡ്വക്കേറ്റ് ഹാജരാവുകയും റിവിഷൻ ഹർജിയിന്മേലുള്ള വാദഗതികൾ സമർപ്പിക്കുന്നതിന് രണ്ടാഴ്ച സമയം അനുവദിക്കണമെന്നും ഒരിക്കൽ കൂടി കേൾക്കണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17.04.2024-ന് വീണ്ടും ഹിയറിംഗ് നടത്തുകയുണ്ടായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ 12.03.2024-ന് തന്നെ കേൾക്കുകയുണ്ടായി.

3. പ്രസ്തുത ഹിയറിംഗിൽ പരാതിക്കാരിക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"പരാതിക്കാസ്പദമായ സ്ഥലം അഞ്ചുപേരുടെ പേരിലുള്ളതാണ്. എന്നാൽ കളക്ടറുടെ ഉത്തരവ് ഒരാൾക്കെതിരെയാണ്. നിക്ഷേപിച്ചിട്ടുള്ള മണ്ണ് എത് വർഷമാണിട്ടിട്ടുള്ളതെന്ന് കളക്ടറുടെ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ഒരു മകളുടെ വീട് നിർമ്മിച്ചത് 2006-2007ലാണ്. ആ കെട്ടിട നിർമ്മാണത്തിലെ വേസ്റ്റാണെങ്കിൽ കേരളാ നെൽവയൽ തണ്ണീർത്തട

സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പ് നിക്ഷപിച്ചിട്ടുള്ളതായിരിക്കും. പ്രസ്തുത വസ്തുത ജില്ലാ കളക്ടർ വ്യക്തത വരുത്തിയിട്ടില്ല.

പ്രസ്തുത സ്ഥലം ഏകദേശം 70 വർഷത്തിൽ കൂടുതലായി കൃഷി യോഗ്യമല്ലാതെയുള്ളതാണ്. 30 വർഷം പഴക്കമുള്ളതും കായ്ഫലം നൽകുന്നതുമായ ധാരാളം തെങ്ങുകൾ ഉണ്ട്. റിവിഷൻ ഹർജിക്കാരിയും മറ്റ് അവകാശികളും പ്രസ്തുത സ്ഥലം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന്നതിനായി 19.03.2021-ന് പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2008-ലെ നിയമം നിലവിൽ വരുന്നതിനും വളരെ മമ്പു തന്നെ പ്രസ്തുത സ്ഥലം നികന്നതാണ്. പരാതിക്കാസ്പദമായ പുരയിടത്തിൽ പഴയ ഒരു കെട്ടിടമുണ്ടായിരുന്നു. പുതിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി പഴയ കെട്ടിടം പൊളിച്ചുമാറ്റിയിരുന്നു. പൊളിച്ച കെട്ടിടത്തിന്റെ കട്ടയും മറ്റ് അവശിഷ്ടങ്ങളും പരേതനായ രാമചന്ദ്രന്റെ പുരയിടത്തിൽ നിക്ഷേപിച്ചിരുന്നു. പ്രസ്തുത കെട്ടിടാവശിഷ്ടങ്ങൾ റിവിഷൻ ഹർജിക്കാരിയും മറ്റ് അവകാശികളും ചേർന്ന് അവരുടെ പുരയിടം ലെവൽ ചെയ്യുകയുണ്ടായി. പ്രസ്തുത നടപടിക്കെതിരെയാണ് കളക്ടർ 2008-ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 13 പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം 70 വർഷങ്ങൾക്ക് മുൻപെ നികന്നതായതിനാൽ പൂർവ്വ സ്ഥിതിയിലാക്കാൻ കഴിയില്ല. സ്ഥലത്തിന്റെ മറ്റ് ഉടമകൾക്ക് നോട്ടീസ് നൽകാതെ സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് നിയമവിരുദ്ധമാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടറുടെ 10.02.2022-ലെ നടപടിക്രമം റദ്ദു ചെയ്യുന്നതിനും അഭ്യർത്ഥിക്കുന്നു."

4. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്:

"കണ്ണൂർ ജില്ല, കണ്ണൂർ താലൂക്ക് പള്ളിക്കുന്ന് അംശം ദേശത്ത് റീ. സ 45/4 ൽ പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതുമായ പരേതനായ രാമചന്ദ്രൻ എന്നിവരുടെ പേരിൽ ഉണ്ടായിരുന്നതും ഭാര്യ സീത മുതൽപേർ നികുതി ഒടുക്കി വരുന്നതുമായ 9.56 ആർ സ്ഥലത്തിന്റെ 75% ത്തോളം പൊളിച്ചുമാറ്റിയ വീടിന്റെ അവശിഷ്ടങ്ങളും മണ്ണും മറ്റും നിക്ഷേപിച്ച് അനധികൃതമായി നികത്തിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമത്തിലെ സെക്ഷൻ 13 പ്രകാരം നടപടിയെടുക്കുന്നതിനുള്ള ഉത്തരവാണ് നൽകിയിട്ടുള്ളത്. 15.12.2021-ന് നടത്തിയ ഹിയറിംഗിൽ കക്ഷിയ്ക്ക് വേണ്ടി അഡ്വ.ആശ.എം.കെ എന്നവർ ഹാജരാകുകയുണ്ടായി. കൃഷി ഓഫീസറെയും വില്ലേജ് ഓഫീസറെയും നേരിൽ കേൾക്കുകയുമുണ്ടായി.

ശ്രീമതി സീത മുതൽപേർ കൈവശം വച്ച് വരുന്ന സ്ഥലം വെള്ളം കെട്ടിനിൽക്കുന്ന വയലാണെന്നും ഭൂമിയുടെ മധ്യഭാഗം മണ്ണിട്ട് നികത്തപ്പെട്ട നിലയിലാണ് എന്ന് 17/12/2021-ന് നടത്തിയ സ്ഥല പരിശോധനയിൽ കാണുകയുണ്ടായി. വെള്ളക്കെട്ട് ഉള്ളതും നെൽകൃഷിക്ക് അനുയോജ്യവും ആയ ഡേറ്റ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് മണ്ണ് നിക്ഷേപിച്ചത് നിയമലംഘനം ആണെന്ന് ബോധ്യപ്പെട്ടു. വിഷയസംബന്ധമായ എല്ലാ രേഖകളും പരിശോധിച്ചും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുണ്ട സാഹചര്യം ഇല്ല എന്ന് കാണുന്നു.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലം മണ്ണിട്ട് നികത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിരവധി തവണ കൈവശക്കാരന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെയും പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടില്ല. വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്. "

5. ടി വിഷയത്തിൽ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ കൃഷി ഓഫീസർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി:

"കണ്ണൂർ താലൂക്കിൽ പള്ളിക്കുന്ന് വില്ലേജിൽ വള്ളിക്കുന്ന് അംശം ചാലാട് ദേശം പരേതനായ ശ്രീ.രാമചന്ദ്രൻ എന്നവരുടെ ഭാര്യ സീത മുതൽപേരുടെ കൈവശത്തിലുള്ള റീ.സ.നം.45/4 ൽപെട്ട 9.56 ആർ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത സ്ഥലത്തിന്റെ 75 ശതമാനത്തോളം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരകരക്ഷണ നിയമത്തിന് വിരുദ്ധമായി നികത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. നിലവിൽ പ്രസ്തുത സ്ഥലം കാട് മൂടിയ അവസ്ഥയിലാണെന്നും സ്ഥലത്തിന്റെ ഭൂനിരപ്പ് വയലിന്റെ നിരപ്പിൽ നിന്നും ഉദ്ദേശം 1 മീറ്റർ ഉയർന്നാണ് കിടക്കുന്നതെന്നും വയൽ അനധികൃതമായി നികത്തിയത് മൂലം വയലിലെ നീരൊഴുക്ക് തടസ്സപ്പെട്ടിട്ടുണ്ടെന്നും അതിന്റെ ഫലമായി വയലിലെയും സമീപപ്രദേശത്തുള്ള ഭൂമിയിലേയും ജലത്തിനു നിർഗമന മാർഗം അടഞ്ഞു ജലം കെട്ടികിടക്കുന്ന അവസ്ഥയിലാണെന്നും സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. "

6. മേൽ റിപ്പോർട്ടുകളുടെയും നേരിൽ കേട്ടതിന്റെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. കണ്ണൂർ താലൂക്കിൽ പള്ളിക്കുന്ന് വില്ലേജിൽ വള്ളിക്കുന്ന് അംശം ചാലാട് ദേശം പരേതനായ രാമചന്ദ്രൻ എന്നവരുടെ ഭാര്യ സീത മുതൽപേരുടെ കൈവശത്തിലുള്ള റീ.സ.നം.45/4ൽപെട്ട 9.56 ആർ സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതാണെന്നും, പ്രസ്തുത സ്ഥലത്തിന്റെ 75 ശതമാനത്തോളം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമായി അനധികൃത തരംമാറ്റം നടത്തിയിട്ടുള്ളതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വെള്ളക്കെട്ട് ഉള്ളതും നെൽകൃഷിയ്ക്ക് അനുയോജ്യവും ആയ ഡാറ്റാ ബാങ്കിൽ പെട്ട സ്ഥലത്ത് മണ്ണ് നിക്ഷേപിച്ചത് നിയമലംഘനം ആണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 പ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ പരാമർശം (1) നടപടിക്രമം ശരിവെച്ചും, ശ്രീമതി.സീത സമർപ്പിച്ച പരാമർശം (2) റിവിഷൻ ഹർജി നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് റിവിഷൻ ഹർജിക്കാരി സമർപ്പിച്ചിട്ടുള്ള ഫോം.5 അപേക്ഷ കെ.എസ്.ആർ.ഇ.സി റിപ്പോർട്ടിന്റെയും കൃഷി ഓഫീസർ/പ്രാദേശികതല നിരീക്ഷണ സമിയുടെയോ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഒരു മാസത്തിനകം യുക്തമായ തീരുമാനം തളിപ്പറമ്പ് റവന്യൂ ഡിവിഷണൽ ഓഫീസർ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANJALY V S

ഡെപ്യൂട്ടി സെക്രട്ടറി

1.ശ്രീമതി.സീത.കെ.എം, W/o.രാമചന്ദ്രൻ (late), 'ആനന്ദ്', ജയ് ജവാൻ റോഡ്, പള്ളിക്കുന്ന്, കണ്ണൂർ-670004. (നിലവിലെ അഡ്രസ്സ് - 'സീത റാം' ജ്വവ്വൽ സ്പ്രിംഗ് ഫീൽഡ്, എസ്.ആർ.എം റോഡ്, ഹംസകത്ത് ലെയിൻ, എറണാകുളം-682018).

2.ജില്ലാ കളക്ടർ, കണ്ണൂർ.

3.റവന്യൂ ഡിവിഷണൽ ഓഫീസർ, തളിപ്പറമ്പ്, കണ്ണൂർ.

4.വില്ലേജ് ഓഫീസർ, പള്ളിക്കുന്ന്, കണ്ണൂർ.

5.കൃഷി ഓഫീസർ, പള്ളിക്കുന്ന്, കണ്ണൂർ.

6.വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.-NCA3/355/2022-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Archana B P
Date: 18-06-2024 17:51:26
സെക്ഷൻ ഓഫീസർ